ശ്രീ. എ. കെ. പാപ്പുപിള്ള: ഹരിജനങ്ങളുടെ കായ്ത്തിൽ ശരിയായ റിപ്പോർട്ട് സമർപ്പിക്കുന്നതിനു് ഒരു എൻകയറി കമ്മറിയെ ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ ആവശ്യം ഇല്ല. അവശസമുദായ സംരക്ഷകൻ ഈ കായ്ത്തിലേക്കു് നിയമിച്ചിട്ടുള്ള അഡൈവസറി കമ്മിറിയുമായി ആലോചിച്ചു് ഇതുമാതിരി പദ്ധതികൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണു ചെയ്യുന്നതു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അപ്പോൾ ഈ കാര്യത്തിലേക്കു് ഒരു എൻകയറി കമ്മിറിറി ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടോ എന്നറിഞ്ഞുകൂടാ.

ശ്രീ. ഇട്ടീര അയ്യക്കൻ: പിന്നോക്കസമുദായക്കാർ എന്നുള്ള പദപ്രയോഗം അവക്കു് സുന്ദരമായി തോന്നാത്തതിനാൽ മേലാൽ ഹരിജനങ്ങൾ എന്നു് ഉപയോഗിക്കാമോ?

Mr. Speaker: It is a suggestion.

വ്യവസായശാല

*൩൩൩. (൧൩) സാഹിബു് ബഹദൂർ റാവു. എ. മൊയ്തീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) കൊല്ലത്തു സ്റ്റീൽ ട്രങ്കുകളും ബക്കറ്റുകളും മറ്റും നിർമ്മിക്കുന്ന ഒരു വ്യവസായശാലയുള്ളതായി ഗവൺമെണ്ടിനറിയാമോ;

(ബി) അവിടെ എത്ര ആളുകൾ തൊഴിൽചെയ്യുന്നുവെന്നറിയാമോ;

(സി) അവക്കാവശ്യമുള്ള മെറ്റീരിയൽസ് സപ്ലൈ ചെയ്യണമെന്നു് ഇൻഡ്യാഗവൺമെണ്ടു് വ്യവസായ വകുപ്പിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

(ഡി) നിർദ്ദേശമനുസരിച്ചോ അല്ലാതെയോ അവർക്കാവശ്യമുള്ള സാധനങ്ങൾ നൽകി വരുന്നുണ്ടോ?

(ഇ) ഇതുപോലെയുള്ള എതെല്ലാം സ്ഥാപനങ്ങൾക്കു് എത്രവീതം മെറ്റീരിയൽസ് കോട്ടാ പ്രകാരം നൽകിവരുന്നുണ്ടു്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) (എ) അറിയാം.

(ബി) ഏഴു പേർ.

(സി) ഇല്ല. എന്നാൽ ഈ വ്യവസായശാല ഫാക്ടറി ആക്ടിൻപ്രകാരം രജിസ്റ്റർചെയ്തിട്ടുള്ളതല്ലെന്നും വിദഗ്ദ്ധശക്തി ഉപയോഗിച്ചു പ്രവർത്തനം നടത്താൻ സാധ്യമല്ലെന്നും അതുകൊണ്ടു് ഇൻഡ്യാ ഗവൺമെണ്ടിനു് ഇതിനു സഹായിക്കാൻ നിവൃത്തിയില്ലെന്നും അതിനാൽ സഹായത്തിനു് സംസ്ഥാനഗവൺമെണ്ടിനെ സമീപിക്കണമെന്നും അവരെ അറിയിച്ചിട്ടുണ്ടു്.

(ഡി) കഴിവുള്ളിടത്തോളമുള്ള എല്ലാ സഹായങ്ങളും നൽകിവരുന്നുണ്ടു്.

(ഇ) ഒരു ക്ലിപ്തകോട്ടാ അനുവദിച്ചിട്ടില്ല. എന്നാൽ ഇൻഡ്യാഗവൺമെണ്ടിൽനിന്നും കിട്ടുന്ന കോട്ടായുടെ അടിസ്ഥാനത്തിൽ അപ്പോഴപ്പോൾ ലഭിക്കുന്ന സാധനങ്ങളിൽ അവരുടെ അപേക്ഷപ്രകാരം മെറ്റീരിയൽസ് നൽകിവരുന്നുണ്ടു്.

ശ്രീ. പി. കെ. ഡിവർ: ഈ കോട്ടാ കൊടുക്കുന്ന സാധനങ്ങൾ ഉപയോഗിച്ചു് അവർ മാനുഫാക്ചർ ചെയ്യുന്നുണ്ടോ എന്നന്വേഷിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതന്വേഷിക്കാൻ ഏർപ്പാടുചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഡിവർ: അതു് അപ്പോഴപ്പോൾ റിപ്പോർട്ടചെയ്യാൻ ഏർപ്പാടുചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറുമുഖാന്തിരം. ഇൻഡസ്ട്രീസ് ഡയറക്ടർ അപ്പോഴപ്പോൾ നേരിട്ടു് അന്വേഷണം നടത്തുകയും ചിലപ്പോൾ അദ്ദേഹത്തിൻെറ കീഴിലുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു അന്വേഷിപ്പിച്ചു് റിപ്പോർട്ട വരുത്തുകയും ചെയ്യുന്നുണ്ടു്.

കയർ സഹകരണ സംഘങ്ങൾ

*൩൯ ൭. (൧൪) ശ്രീ.കെ.കെ. വിശ്വനാഥൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഇങ്ങനെ എത്ര കയർ സഹകരണസംഘങ്ങൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ടു്; എവിടെയൊക്കെ;

(ബി) അവിടെ പ്രവർത്തനം വല്ലതും നടക്കുന്നുണ്ടോ;

(സി) സംഘങ്ങൾ സ്ഥാപിച്ചതിനുശേഷം കയർപിരി തൊഴിലാളികൾക്കു് വല്ല മെച്ചവും ഉണ്ടായിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ൨൪. വിശദവിവരങ്ങളടങ്ങിയ ഒരു ലിസ്റ്റു് മേശപ്പുറത്തുവച്ചിരിക്കുന്നു.

(ബി) ഉണ്ടു്. തിരുവനന്തപുരത്തു സ്ഥാപിച്ചിട്ടുള്ള നം ൧ ൧-ാംനമ്പർ സംഘം തൊണ്ടുവാങ്ങിക്കുകയും വിൽക്കുകയും ചെയ്യുന്ന പ്രവർത്തനവും മറ്റു൨ സംഘങ്ങൾ അംഗങ്ങളെ ചേർക്കുകയും ഓഹരികൾ വിറ്റു് പ്രവർത്തനമൂലധനം ശേഖരിക്കുകയും ചെയ്യുന്ന പ്രാരംഭപ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ടു്. ഒരു സംഘംമാത്രം പ്രവർത്തനം തുടങ്ങിയിട്ടില്ല.

(സി) മൂന്നുമാസക്കാലമായി തൊണ്ടിൻെറ വില ക്രമാതീതമായി വർദ്ധിച്ചതുകൊണ്ടു് പ്രവർത്തനം തുടങ്ങുന്നതിനു് പറ്റിയ സന്ദർഭം ലഭിച്ചില്ല. അങ്ങനെ പ്രവർത്തനം തുടങ്ങാത്തതുകൊണ്ടു തൊഴിലാളികൾക്കു് മെച്ചമുണ്ടാകാൻ ഇടയില്ല. എന്നാൽ പ്രവർത്തനം തുടങ്ങുന്നതോടുകൂടി മെച്ചമുണ്ടാകുമെന്നു് ന്യായമായി പ്രതീക്ഷിക്കുന്നു.

ശ്രീ. എം. ഐ. പോൾ: ഈ സംഘങ്ങൾക്കു് ഏതെങ്കിലും ധനസഹായം നൽകുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കാര്യത്തിലേക്കു് ൧൦ ലക്ഷം രൂപ ബഡ്ജറ്റിൽ നീക്കിവെച്ചിട്ടുണ്ടു്. ഓരോ സംഘത്തിനും രണ്ടായിരം രൂപ കൊടുക്കണമെന്നുദ്ദേശിക്കുന്നു.

ശ്രീ. എം. ഐ. പോൾ; ഈ രണ്ടായിരം രൂപാകൊണ്ടു് ഈ സംഘങ്ങളുടെ ഈ വിവിധപ്രവർത്തനങ്ങൾ ശരിക്കു നടത്താൻ സാധിക്കുമെന്നു ഗവൺമെൻറിനു് വിചാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെൻറിൽനിന്നു ലഭിക്കുന്ന സഹായംകൊണ്ടുമാത്രം സംഘം നടത്തിക്കൊണ്ടുപോകണമെന്നാണു് വിചാരിക്കുന്നതെങ്കിൽ അതു സാധിച്ചു എന്നു വരുന്നതല്ല. സംഘം പ്രവർത്തനങ്ങൾ നടത്തി ധനശേഖരണം നടത്തുകയും ഗവൺമെൻറു് ചെയ്യുന്ന സഹായങ്ങൾ ചെയ്യുകയും ഇങ്ങനെങ്കിൽ എളുപ്പമുണ്ടു്. അല്ലാതെ ഗവൺമെൻറിൻെറ സഹായം മാത്രംകൊണ്ടുമാത്രം സംഘം നടത്താമെന്നാണെങ്കിൽ അതു് സാദ്ധ്യമല്ല.

ശ്രീ. എം. എം. പാപ്പു: ഓരോ സംഘത്തിനും ഷെയർ ക്യാപ്പിറ്റലായി എത്ര ലഭിക്കുവാൻ സാധിക്കുമെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly